വരാൻ 'ഡെബ്റ്റ് സ്വാപ്പ്', 'ഡെബ്റ്റ് കൺസോളിഡേഷൻ' പോലുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) റവന്യു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയും വാണിജ്യ നികുതി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നികുതി പിരിവ് അവലോകനം ചെയ്യുന്നു. റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതിയിൽ വില്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സർക്കാർ പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല മേഖലയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ താഴെകാണും പ്രകാരമാണ്.

(തുക കോടിയിൽ)

വർഷം	പുതുതായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ
2001-02	558.36
2002-03	698.66
2003-04	639.71
2004-05	681.75
2005-06 (31-12-2005 വരെ)	373.03

(ഡി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഇത്തരത്തിൽ ഒരു സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയില്ല.

സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ തിരിച്ചടവ്

4(1280) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്രഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ടുന്ന തുക മാത്രം 2006 ജനുവരി 31 വരെയുള്ളത് എത്ര കോടിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) തിരിച്ചടവ് ഏതെങ്കിലും കൃത്യമായി നടക്കാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ പൊതു കടം ഏതെല്ലാം ഇനങ്ങളിൽ എത്ര കോടി രൂപ വീതമാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊടുത്തുതീർക്കേണ്ട ബാധ്യതകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ട് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുപ്രകാരം 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്രഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ടുന്ന തുക 5475.44 കോടി രൂപയാണ്.

(ബി) ഇല്ല. തിരിച്ചടവ് കൃത്യമായി നടത്തിവരുന്നു.

(സി) സംസ്ഥാന ഗവൺമെന്റിന്റെ പൊതു കടം 31-12-2005 വരെ താഴെ കാണും പ്രകാരമാണ്.

(തുക കോടിയിൽ)

	ഏജൻസി	പൊതുകടം (31-12-2005 വരെ)
1.	കേന്ദ്ര സർക്കാർ	5475.44
2.	വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം	24712.18
3.	സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ	14162.26
	ആകെ	44349.88

(ഡി) സംസ്ഥാന സർക്കാർ കൊടുത്തു തീർക്കേണ്ട ബാധ്യതകളുടെ വിശദാംശം മേൽ പ്രസ്താവിച്ചിരിക്കും പ്രകാരമാണ്.

സംസ്ഥാനത്തെ റവന്യു വരുമാനം സംബന്ധിച്ച വർദ്ധനവ്

5(1281) ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തിന്റെ റവന്യു വരുമാന വർദ്ധനയുടെ തോതെന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly